<u>**പതിമൂന്നാം കേരളനിയമസഭ**</u>
<u>**ഒൻപതാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3458** — **24.06.2013 -ലെ മറുപടിക്ക്**

**പാണത്തൂരിലെ പെയിന്റിംഗ് തൊഴിലാളി സെബാസ്റ്റ്യന്റെ മരണം**

| **ചോദ്യം**<br>**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **മറുപടി**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) 2013 മേയ് മാസത്തിൽ കാസർഗോഡ് ജില്ലയിൽ പാണത്തൂരിൽ പെയിന്റിംഗ് തൊഴിലാളി സെബാസ്റ്റ്യൻ കിണറ്റിൽ വീണ് മരിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കിണറ്റിൽ വീഴാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; | (ബി) പോലീസ് വാഹനം വരുന്നത് കണ്ട് ഭയന്ന് ഓടിയതിൽ ആൾമറയില്ലാത്ത കിണറ്റിൽ വീണ് മരണപ്പെട്ടു. |
| (സി) കല്യാണവീട്ടിൽ പോയി മടങ്ങിവരുമ്പോൾ പോലീസ് വിരട്ടിയോടിച്ച് കിണറ്റിൽ വീണ് മരിച്ച മേൽ സംഭവത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) പോലീസ് വിരട്ടി ഓടിച്ചതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് വാഹനം വരുന്നത് കണ്ട് ഭയന്ന് ഓടിയതിൽ ആൾമറയില്ലാത്ത കിണറ്റിൽ വീണ് മരണപ്പെട്ടതായി വെളിവായിട്ടുള്ളതാണ്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന രാജപുരം പോലീസ് സ്റ്റേഷൻ ഗ്രേഡ് എ.എസ്.ഐ. ശ്രീ. അഷ്റഫിനെ കാസർഗോഡ് കൺട്രോൾ റൂമിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളതും എ.ആർ.സി.പി.ഒ. 2555 വിജയകൃഷ്ണൻ എന്നയാളെ എ.ആർ. ക്യാമ്പിലേക്ക് മടക്കി അയച്ചിട്ടുള്ളതുമാണ്. |
| (ഡി) പാവപ്പെട്ട കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന പരേതന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണിക്കുമോ; | (ഡി) & (ഇ) പരിശോധിക്കാവുന്നതാണ്. |
| (ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ